കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എറിയാട് ഗ്രാമപഞ്ചായത്ത്

2016-17

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ.(പി3)1298/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ-680 020.
ഫോൺ നമ്പർ -0487 2331249

e-mail: dotsr.ksad@kerala.gov.in
തീയതി: 07.08.2017

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എറിയാട് ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം: – എറിയാട് ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-5, 2-7, 2-8, ഭാഗം 3ലെ 3-3, 3-6, 3-7, 3-11എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും

ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ(പി3)1298/17 തീയതി: 07.08.2017

<u>തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 01.01.2017 മുതൽ 31.03.2017 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.യു.ചേക്കുട്ടി,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.07.2017 മുതൽ 25.07.2017വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീ.ശിവൻ .പി.എ | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ബിത ടി.എസ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സോന.കെ.സത്യൻ | ഓഡിറ്റർ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | കെ.കെ.ബാലൻ | 1.4.2016 മുതൽ 31.3.2017വരെ |
| അസി .സെക്രട്ടറി | എം.ബി.ഷീല | 1.4.2016 മുതൽ 22.8.2016വരെ |
| | പി.എ താജു | 23.8.2016 മുതൽ 31.3.2017വരെ |
| അസി.എൻജിനീയർ | ശ്രീദേവി .എ.ആർ | 1.4.2016 മുതൽ 31.3.2017വരെ |
| വി.ഇ.ഒ.<br>(മാടവന സർക്കിൾ) | ഇ.എം.ഗുരുപ്രസാദ് | 1.4.2016 മുതൽ 31.3.2017വരെ |

| | | |
|---|---|---|
| വി.ഇ.ഒ. (മാടവന ലൈറ്റ് ഹൗസ്) | മുരളി.വി.പി. | 1.4.2016 മുതൽ 31.3.2017വരെ |
| വി.ഇ.ഒ. (അഴിക്കോട് ജെട്ടി) | ദിനിൽ കുമാർ | 1.04.2016 മുതൽ 31.7.2016വരെ |
| | മുരളി.വി.പി. | 1.8.2016 മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.സി.കെ.വിജയ | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ.കെ.എച്ച്. ഐശ്വര്യ | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | പി.എ താഹിറ | 1.04.2016 മുതൽ 31.7.2016 FNവരെ |
| | സിനി രമ്യ | 31.7.2016 മുതൽ 12.1.2017 വരെ |
| | സുജാത ആർ | 12.1.2017 AN മുതൽ 31.3.2017 വരെ |
| കൃഷി ഓഫീസർ | ശശി മേനോൻ | 1.4.2016 മുതൽ 31.3.2017 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | സ്റ്റെല്ല.സി.എ. | 1.4.2016 മുതൽ 31.1.2017വരെ |
| | ഡിനി വിൻസെന്റ് | 1.02.2017 മുതൽ 31.3.2017 വരെ |
| സീനിയർ വെറ്ററിനറി സർജൻ | സാബു.കെ.എ | 1.4.2016 മുതൽ 31.3.2017വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | കെ.കെ.സുധി | 1.4.2016 മുതൽ 15.2.2017 വരെ |
| | ആശാമോൾ ആന്റണി | 16.2.2017 മുതൽ 31.3.2017 വരെ |
| ഹെഡ്മിസ്ട്രസ് | മിനി ഇ.ടി | 1.4.2016 മുതൽ 31.3.2017വരെ |

| | | |
|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | എ.കെ മുരളി. | 01.04.2016 മുതൽ 30.07.2016 വരെ |
| | ഷെറിൻ | 31.07.2016 മുതൽ 12.12.2016 വരെ |
| | കവിത എ | 13.12.2016 മുതൽ 31.3.2017വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഖണ്ഡിക നം | ഭാഗം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്യാഷ് വെരിഫിക്കേഷൻ |
| 9 | 1-9 | ക്ഷേമപദ്ധതികൾ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 2-1 | ഇ-ടെണ്ടർ വരവ് പഞ്ചായത്തിന്റെ തനതു വരുമാനമാക്കേണ്ടതാണ്. |
| 13 | 2-2 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല |
| 14 | 2-3 | പരസ്യ നികുതി ലേലം വ്യവസ്ഥ - അപാകതകൾ |
| 15 | 2-4 | വിവരാവകാശം ഫയലുകൾ ഹാജരാക്കേണ്ടതാണ് |
| 16 | 2-5 | ചട്ടങ്ങൾക്ക് വിരുദ്ധമായി പെർമിറ്റ് |
| 17 | 2-6 | അഗ്നിശമന സേന വകുപ്പിൽ നിന്ന് അംഗീകാരസാക്ഷ്യപത്രം ഹാജരാക്കാത്ത കെട്ടിടത്തിന് നിർമ്മാണാനുമതി |
| 18 | 2-7 | ചട്ടങ്ങൾക്ക് വിരുദ്ധമായ പ്ലാനിന് അംഗീകാരം നൽകി |
| 19 | 2-8 | കെട്ടിട ക്രമവൽക്കരണം - അപാകത |

| | | |
|---|---|---|
| 20 | 2-9 | റഗുലറൈസേഷൻ ഫീ കുറവ് ഈടാക്കി |
| 21 | 2-10 | പി.എൻ ആയുർവ്വേദാശ്രമം വസ്തുനികുതി പുനർനിർണ്ണയം നടത്തേണ്ടതാണ്. |
| 22 | 2-11 | രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ |
| 23 | 3-1 | സാന്ത്വന പരിചരണ പദ്ധതി - കെ.എം.എസ്.സി.എൽ ലിൽ നിന്നും മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭ്യമായിട്ടില്ല. |
| 24 | 3-2 | ഹോമിയോ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല |
| 25 | 3-3 | ഹെഡ്മാസ്റ്റർ, ഗവ.യു. പി. സ്കൂൾ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പദ്ധതികൾ -അപാകതകൾ |
| 26 | 3-4 | ആശ്രയ പദ്ധതി - ഒന്നാം ഘട്ടം ലക്ഷ്യം കൈവരിക്കാതെ തന്നെ രണ്ടാം ഘട്ടം ആരംഭിച്ചു - നിരീക്ഷണങ്ങൾ |
| 27 | 3-5 | ഭവന നിർമ്മാണപദ്ധതികൾ |
| 28 | 3-6 | സ്ഥല പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ |
| 29 | 3-7 | യു ബസാർ എടവിലങ്ങ് റോഡ് റീടാറിങ് -അപാകതകൾ |
| 30 | 3-8 | തെരുവ് നായ്ക്കളുടെ പേവിഷബാധ നിയന്ത്രണം- വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. |
| 31 | 3-9 | പൊതുടാപ്പ് മാറ്റി സ്ഥാപിക്കൽ-പൂർത്തീകരണവിവരം ലഭിച്ചിട്ടില്ല. |
| 32 | 3-10 | നിക്ഷേപപ്രവൃത്തികൾ കരാർ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല. |
| 33 | 3-11 | സീൽകോട്ട് ചെയ്യാത്തത് മൂലം ചെയ്ത പ്രവൃത്തി തകരാറിലായി.ഗുണനിലവാരമില്ല. |
| 34 | 3-12 | എസ്.സി. ഫ്ളാറ്റ് ഉപയുക്തമാക്കേണ്ടതാണ് |
| 35 | 3-13 | വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല |
| 36 | 3-14 | തൊഴിലുറപ്പ് പദ്ധതി |
| 37 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 38 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 39 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 40 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 41 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 42 | 4-6 | ഓഡിറ്റ് റിക്കവറി |
| 43 | 4-7 | ഓഡിറ്റ് പ്രത്യവലോകനം |
| 44 | 4-8 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 45 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

<table>
<tr><td>പാസ്സാക്കിയ തിയതി</td><td colspan="2">03/03/2016</td></tr>
<tr><td>കമ്മിറ്റി തീരുമാനം</td><td colspan="2">4(1)</td></tr>
<tr><td rowspan="2">പ്രതീക്ഷിത വരവ് , ചെലവ് എന്നിവ</td><td>വരവ്</td><td>ചെലവ്</td></tr>
<tr><td>15,06,97,000</td><td>15,10,70,200</td></tr>
</table>

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 12.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

2016-17 വർഷത്തെ വാർഷിക കണക്കുകളിൽ കണ്ടെത്തിയ അപാകതകൾ താഴെക്കൊടുക്കുന്നു.

1. സാംഖ്യ സഞ്ചയ എന്നിവ തമ്മിൽ ലിങ്ക് ചെയ്തിട്ടുണ്ടെങ്കിലും മാപ്പിങ്ങ് പൂർത്തീകരിക്കാത്തതിനാൽ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, അരിയർ തുകകൾ സഞ്ചയയിലും സാംഖ്യയിലും വ്യത്യസ്തമാണ്.
2. പരാമെഡിക്കൽ സ്ഥാപനങ്ങളുടെ 16-17 വർഷത്തെ ഡിമാന്റ് 1550/- രൂപയാണ്. എന്നാൽ വാർഷിക കണക്കുപ്രകാരമുള്ള ഡിമാന്റ് കളക്ഷൻ 1900 രൂപയാണ്. 17-18 ലേക്കുള്ള അഡ്വാൻസ് കളക്ഷൻ B-9 ൽ വന്നിട്ടില്ല.
3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, വാർഷികധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട്, റസീറ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 23959349 |
| വരവ് | ₹ 78653318 |
| ആകെ | ₹ 102612667 |
| ചെലവ് | ₹ 75329667 |
| നീക്കിയിരിപ്പ് | ₹ 27283000 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 19667512 | 19667512 | 18971734 | 695778 | 96.46 |
| എസ് സി പി | 0 | 5136354 | 5136354 | 2485857 | 2650497 | 48.40 |
| ടി എസ് പി | 0 | 10086 | 10086 | 10086 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ | 0 | 11030299 | 11030299 | 6923751 | 4106548 | 62.77 |
| ലോകബാങ്ക് സഹായം | 0 | 5871693 | 5871693 | 3938089 | 1933604 | 67.07 |
| ബി ഫണ്ട് | 0 | 55044580 | 55044580 | 55044580 | Nil | 100% |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 12789186 | 12789186 | 4654501 | 8134685 | 36.39 |
| നോൺറോഡ് | 0 | 5358375 | 5358375 | 5543528 | Nil | 103.46 |

| | | | | | | |
|---|---|---|---|---|---|---|
| N.R.E.G.S | 91 | 34270606 | 34270697 | 34269891 | 806 | 99.98 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 156 | 84552768 | 98 | 53949872 | 15 | 43 | 62.82 |

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+) |
|---|---|---|---|---|
| നികുതി വരവുകൾ | 4650500 | 7683522 | 3033022 | 65.22 |
| നികുതിയേതര വരവുകൾ | 2401806 | 1682947 | (-)718859 | (-)29.92 |
| മറ്റുവരവുകൾ | 660090 | 656812 | (-)3278 | (-)0.50 |
| ആകെ | 20767453 | 10023281 | 2310885 | (+)34.8 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.07.2017 തിയ്യതിയിൽ 3.15 PMന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 16860 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 2,87,520 | 196 |
| കർഷകതൊഴിലാളി പെൻഷൻ | 42,10,920 | 428 |
| വിധവാ പെൻഷൻ | 22630040 | 2028 |
| വാർദ്ധക്യകാല പെൻഷൻ | 21325720 | 2402 |
| വികലാംഗപെൻഷൻ | 5341930 | 560 |

| | | |
|---|---|---|
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 46,8450 | 54 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 7,80,000 | 26 |

## 1-10 ആഭ്യന്തര നിയന്ത്രണം

പെർമിറ്റ് രജിസ്റ്റർ , പെർമിറ്റ് റഗുലറൈസേഷൻ രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവയിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല, രജിസ്റ്ററുകൾ കൃത്യമായും പൂർണ്ണമായും പരിപാലിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 07.07.2017 | 2017 April to June | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറൽ | 07.09.2016 മുതൽ 30.09.2016 വരെ | 2011-12 മുതൽ 2015-16 വരെ | 07.11.2016 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ വരവ് പഞ്ചായത്തിന്റെ തനതു വരുമാനമാക്കേണ്ടതാണ്.

2016-17 സാമ്പത്തിക വർഷം 29 പ്ലാൻ പ്രൊജക്ടുകളും 1 എം.എൽ.എ എസ്.ഡി.എഫ് പ്രവൃത്തിയും ഉൾപ്പെടെ 30 പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തിയിട്ടുണ്ട്. ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ വാറ്റ് തുക ഉൾപ്പെടെ 110410/- രൂപയാണ്. ഇതിൽ വാറ്റ് തുകയായ 4410/- രൂപ കിഴിച്ച് 106000/- രൂപ തൃശ്ശൂർ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറിൽ നിന്നും ലഭ്യമാകാനുണ്ട്. ടി തുക ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

2016-17 വർഷത്തെ ഡി ആന്റ് ഒ അപേക്ഷകൾ പരിശോധിച്ചതിൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ സമർപ്പിച്ച ഡി ആന്റ് ഒ അപേക്ഷകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളുടെ വിവരങ്ങൾ

ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഡി ആന്റ് ഒ അപേക്ഷയിൽ കാണിച്ച തൊഴിലാളികളുടെ എണ്ണം. |
|---|---|---|
| 1 | ത്രിസ്റ്റാർ ഐസ് ഫാക്ടറി | 4 |
| 2 | ത്രിസ്റ്റാർ ഫിഷറീസ് | 30 |
| 3 | കെ.എം.കെ സോമിൽ | 4 |
| 4 | മണപ്പാടൻസ് | 5 |
| 5 | പ്രീമിയർ എഞ്ചിനീയറിംഗ് കമ്പനി | 4 |
| 6 | റോയൽ ബ്രാന്റ് ഇന്റർ നാഷണൽ എക്സ്പോർട്ടേഴ്സ് | 10 |
| 7 | അമൃത കോക്കനട്ട് പ്രൊഡക്ട്സ് | 25 |
| 8 | റോയൽ ബ്രാന്റ് ഫുഡ്സ് | 4 |
| 9 | ശ്രീകൃഷ്ണ ഭാരത് ഗ്യാസ് ഏജൻസീസ് | 8 |
| 10 | യൂണിവേഴ്സൽ പൈപ്പ്സ് | 8 |
| 11 | ശ്രീ അയ്യപ്പ ഐസ് ഫാക്ടറി | 5 |
| 12 | അഭിലാഷ് ഫ്യുവൽസ് | 5 |
| 13 | എക്കണോമി പൈപ്പ്സ് | 4 |
| 14 | നഹാസ് ഐസ് ഫാക്ടറി | 3 |
| 15 | ദിൽ വുഡ് ഫർണീച്ചർ | 3 |

എന്നാൽ കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 14 പ്രകാരം ഈ സ്ഥാപന തൊഴിലുടമയോടോ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കാൻ ആവശ്യപ്പെടുകയോ കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 16 പ്രകാരം നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇത്തരം സ്ഥാപനങ്ങളിൽ നിന്നും ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതും ചട്ടപ്രകാരം നടപടി സ്വീകരിക്കാവുന്നതുമാണ്.

## 2-3 പരസ്യ നികുതി ലേലം വ്യവസ്ഥ - അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ പരസ്യനികുതിക്ക് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. പഞ്ചായത്ത് തയ്യാറാക്കിയ ലേല നോട്ടീസിൽ ലേലം ഉറപ്പിക്കുമ്പോൾ പകുതി തുക അടയ്ക്കണമെന്നേ വ്യവസ്ഥചെയ്യുന്നുള്ളൂ. ബാക്കി തുക എപ്പോൾ

അടവാക്കണമെന്ന് നിബന്ധനയില്ല. 2016-17 സാമ്പത്തിക വർഷത്തിലെ പരസ്യലേലം കുടിശ്ശിക അടവാക്കിയത് 07.07.17ന മാത്രമാണ്. ലേല എഗ്രിമെന്റിലും തുക എന്നടവാക്കണമെന്ന് രേഖപ്പെടുത്താത്തത് കരാറുകാരനിൽ നിന്നും ലേലതുക യഥാസമയം ഈടാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാക്കുമെന്നതിനാൽ ഈ ന്യൂനത പരിഹരിക്കേണ്ടതും കേരള പഞ്ചായത്ത് രാജ് ആക്ട്, പഞ്ചായത്ത് ഡയറക്ടറുടെ എം. 1-2641/2016/5.3.16 കത്ത് എന്നിവ അടിസ്ഥാനമാക്കി പരസ്യനികുതി ബൈലോ തയ്യാറാക്കേണ്ടതുമാണ്.

## 2-4 വിവരാവകാശം ഫയലുകൾ ഹാജരാക്കേണ്ടതാണ്

താഴെ പറയുന്ന വിവരാവകാശം സംബന്ധിച്ച ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

| നമ്പർ /തിയതി | അപേക്ഷകൻ |
|---|---|
| എ4-4167/11.4.16 | പി.എസ്. മുജീബ് റഹ്മാൻ |
| എ4-4392/20.4.16 | ശുചിത്വമിഷൻ, ജില്ലാ പഞ്ചായത്ത് |
| എ4-5694/28.5.16 | ഡോ. സലീം |
| എ4-5834/2.6.16 | ശശിധരൻ. ടി.കെ |
| എ4-6461/20.6.16 | കെ.കെ. മോഹനൻ |
| എ4-6954/5.7.16 | ഡി.ഡി.പി., തൃശ്ശൂർ |
| എ4-7161/14.7.16 | അക്ബർ |
| എ4-7213/15.7.16 | മുഹമ്മദ് ഹഫ്സൽ |
| എ4-7214/15.7.16 | പി.എ. റഫീക്ക് |
| എ4-7402/22.7.16 | ഗീത കണ്ണേശ്വരത്ത് |
| എ4-7612/30.7.16 | ശശിധരൻ |
| എ4-7987/10.8.16 | കെ.കെ. പ്രദീപ് |
| എ4-7974/10.8.16 | ശശിധരൻ |

ഫയലുകൾ ഹാജരാക്കാത്തതിനാൽ വിവരാവകാശം സംബന്ധിച്ച വിവരങ്ങൾ മറുപടി ഉൾപ്പെടെ പരിശോധിക്കാനായില്ല. വളരെ പ്രാധാന്യമുള്ള വിവരാവകാശ ഫയൽ ഹാജരാക്കാത്തത് ഗുരുതര വീഴ്ചയായി ഓഡിറ്റിൽ കാണുന്നു. ഫയലുകൾ ഹാജരാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-5 ചട്ടങ്ങൾക്ക് വിരുദ്ധമായി പെർമിറ്റ്

പരമാവധി അനുവദനീയമായ പ്ലോട്ട് വിസ്തീർണ്ണ ശതമാനത്തിന് അധികമായി പ്ലാൻ ഹാജരാക്കിയ താഴെ പറയുന്ന കെട്ടിടത്തിന് കെട്ടിടനിർമ്മാണ പെർമിറ്റ് നൽകിയിരിക്കുന്നു.

പ്ലോട്ട് വിസ്തീർണ്ണ ശതമാനം 76.97 (109.03x100/141.64) എന്ന് രേഖപ്പെടുത്തിയ അയ്യാരിൽ ഫാമിലി വെൽഫെയർ അസോസിയേഷന്റെ ഗണം F ൽ വരുന്ന 218.06 $m^2$ ഇരുനില കെട്ടിടത്തിന് ഓവർസിയറുടെ റിപ്പോർട്ട് പ്രകാരം 25.5.16 ന് A3-28/16-17 നമ്പറായി സെക്രട്ടറി പെർമിറ്റ് നൽകി.കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 35 പ്രകാരം ഗ്രൂപ്പ് F കെട്ടിടങ്ങൾക്ക് പരാമവധി അനുവദനീയമായ പ്ലോട്ട് വിസ്തീർണ്ണ ശതമാനം 55 ആയിരിക്കെ ചട്ടലംഘനം നടത്തിയ ഈ കെട്ടിടത്തിന് ഗ്രാമപഞ്ചായത്ത് നിർമ്മാണാനുമതി നൽകി. ടി സ്ഥലമുടമയ്ക്ക് ഇതിനോട് ചേർന്ന് വേറേയും സ്ഥലമുണ്ടെന്നും ഇത് ഇതിനോട് ചേർക്കാൻ വിട്ടുപോയിട്ടുള്ളതെന്നാണ് എൻക്വയറി 3/23.7.17 ന് മറുപടി ലഭ്യമാക്കിയത്. എന്നാൽ പെർമിറ്റ് നൽകിയിരിക്കുന്നത് പ്ലോട്ട് വിസ്തീർണ്ണം 141.64$m^2$ ആയിട്ടുള്ള പ്ലാനിനാണ്. ആയതിനാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമാണെന്ന് ഉറപ്പാക്കിയതിനുശേഷം മാത്രമേ പ്ലാനുകൾക്ക് അംഗീകാരം നൽകേണ്ടതുള്ളൂ (കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 11). കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 23 പ്രകാരം ചട്ടങ്ങളും നിയന്ത്രണങ്ങളും ലംഘിച്ചുകൊണ്ടുള്ള ഏതൊരു അംഗീകാരത്തിനും തുടർന്നുള്ള നിർമ്മാണങ്ങൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിത്തീരുന്നതാണ്.

## 2-6 അഗ്നിശമന സേന വകുപ്പിൽ നിന്ന് അംഗീകാരസാക്ഷ്യപത്രം ഹാജരാക്കാത്ത കെട്ടിടത്തിന് നിർമ്മാണാനുമതി

ശ്രീ. മുഹമ്മദ്, പടിയത്ത് ബ്ലാക്കാചാലിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള G1 ഗണത്തിൽപ്പെടുന്ന 146 $m^2$ സർവ്വീസ് സ്റ്റേഷന് അഗ്നിസുരക്ഷ വകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കാതെ A3-173/16-17/12.01.17 നമ്പറായി കെട്ടിട നിർമ്മാണാനുമതി നൽകി. വ്യവസായിക കൈവശഗണത്തിൽ പെടുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ അഗ്നിശമനസേനാ ഡയറക്ടറിൽ നിന്നോ അല്ലെങ്കിൽ ഇതിനായി അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നോ അംഗീകാര സാക്ഷ്യപത്രം പെർമിറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 59 (11 A) ൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ ആയത് പാലിക്കാതെ നിർമ്മാണാനുമതി നൽകിയിരിക്കുന്നു.

പെർമിറ്റ് നൽകുമ്പോഴും പ്ലാനുകൾ / വിശദാംശങ്ങൾ അംഗീകരിക്കുമ്പോഴും

നിലവിലുള്ള എല്ലാ ചട്ടങ്ങൾക്കും നിയന്ത്രണങ്ങൾക്കും അവ വിധേയമാണെന്ന് ഉറപ്പു വരുത്തേണ്ടത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമാണ്. ചട്ടങ്ങളും നിയമങ്ങളും പാലിക്കപ്പെടേണ്ടതാണ്.

## 2-7 ചട്ടങ്ങൾക്ക് വിരുദ്ധമായ പ്ലാനിന് അംഗീകാരം നൽകി

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 35 പ്രകാരം ഗ്രൂപ്പ് F കെട്ടിടങ്ങൾക്ക് പരാമവധി അനുവദനീയമായ പ്ലോട്ട് വിസ്തീർണ്ണ ശതമാനം 55 ആയിരിക്കേ അഴീക്കോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഗണം F ൽ വരുന്ന പ്ലോട്ട് വിസ്തീർണ്ണം 55.28% (212.54x100/384.465)എന്ന് രേഖപ്പെടുത്തിയ 617.06 $m^2$ കെട്ടിടത്തിന്റെ പ്ലാൻ അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി എന്നിവർ അംഗീകരിച്ച് A3-85/16-17/1.10.16 നമ്പറായി ബിൽഡിംഗ് പെർമിറ്റ് നൽകി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 3/23.7.17) വിസ്തീർണ്ണ ശതമാനം 54.8 ആകുന്നുള്ളൂവെന്നും പ്ലാനിൽ തെറ്റായി പ്രതിപാദിച്ചിരിക്കുന്ന വിസ്തീർണ്ണ ശതമാനം ശ്രദ്ധയിൽ പെടാതെ പോയതാണെന്നും മറുപടി ലഭ്യമാക്കി. സൈറ്റ് പ്ലാനും ഡ്രോയിംഗും കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുരൂപമാണെന്ന് ബോധ്യമാകുന്നപക്ഷമേ അംഗീകാരം നൽകേണ്ടതുള്ളൂവെന്ന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 11 ൽ വ്യക്തമാക്കുന്നുണ്ട്. ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമാണെന്ന് ഉറപ്പാക്കിയതിനുശേഷം പ്ലാനുകൾക്ക് അംഗീകാരം നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 2-8 കെട്ടിട ക്രമവൽക്കരണം - അപാകത

ശ്രീ. ജോൺ, എളംഉരുത്തി, എറിയാട് എന്നയാളുടെ ഉടമസ്ഥതയിലുള്ള 70.89$m^2$ ഓഫീസ് കെട്ടിടത്തിന് J-101/15-16 നമ്പറായി 25.7.15 ന് നിർമ്മാണാനുമതി നൽകിയിട്ടുള്ളതാണ്. പെർമിറ്റിൽ നിന്നും വ്യതിചലിച്ച് 250.53 $m^2$ ൽ നിർമ്മാണം പൂർത്തീകരിച്ച ഈ കെട്ടിടം റഗുലറൈസ് ചെയ്ത് IX/336 Aകെട്ടിട നമ്പർ അനുവദിച്ചു. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം കവറേജ് 62.01 % ആണ്. എന്നാൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 35 പ്രകാരം ഗ്രൂപ്പ് E കെട്ടിടങ്ങൾക്ക് പരാമവധി അനുവദനീയമായ പ്ലോട്ട് വിസ്തീർണ്ണ ശതമാനം 35 ആയിരിക്കെ കെട്ടിടം ക്രമവൽക്കരിച്ച് കെട്ടിടനമ്പർ നൽകി. ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മിച്ച കെട്ടിടം ക്രമവൽക്കരിച്ച് നമ്പർ അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 13/25.7.17ന് പ്ലാനിൽ ഓഫീസ് കെട്ടിടം എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതൊരു സ്റ്റോറേജ് കെട്ടിടം ആണെന്നാണ് മറുപടി നല്കിയിരിക്കുന്നത്. എന്നാൽ ഇതിന്റെ നിജസ്ഥിതി ഉറപ്പാക്കാൻ ഓഡിറ്റിനായില്ല.

ചട്ടങ്ങൾക്ക് വിരുദ്ധമായി പണിത കെട്ടിടം ക്രമവൽക്കരിച്ച് കെട്ടിട നമ്പർ അനുവദിച്ചതോ സൈറ്റ് പ്ലാനും ഡ്രോയിംഗും കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുരൂപമാണെന്ന് ഉറപ്പാക്കാതെ കെട്ടിടം ക്രമവൽക്കരിച്ച് കെട്ടിട നമ്പർ അനുവദിച്ചതോ എന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

സൈറ്റ് പ്ലാനും ഡ്രോയിംഗും കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുരൂപമാണെന്ന് ബോധ്യമാകുന്ന പക്ഷമേ അംഗീകാരം നൽകേണ്ടതുള്ളൂവെന്ന കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 11 വ്യക്തമാക്കുന്നുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 23പ്രകാരം ചട്ടങ്ങളും നിയന്ത്രണങ്ങളും ലംഘിച്ചുകൊണ്ടുള്ള ഏതൊരു അംഗീകാരത്തിനും തുടർന്നുള്ള നിർമ്മാണങ്ങൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായി തീരുന്നതാണ്.

## 2-9 റഗുലറൈസേഷൻ ഫീ കുറവ് ഈടാക്കി

J-182/15-16 നമ്പറായി 568.22m$^2$ വിസ്തീർണ്ണമുള്ള സീതിസാഹിബ് മെമ്മോറിയൽ സ്കൂൾ കെട്ടിടത്തിന് 11.11.15ൽ ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടുള്ളതാണ്. പെർമിറ്റിൽ നിന്നും വ്യതിചലിച്ച് 613.71m$^2$ ൽ നിർമ്മാണം പൂർത്തീകരിച്ച ഈ കെട്ടിടം ക്രമവൽക്കരിച്ച് നൽകി. എന്നാൽ ക്രമവൽക്കരണ ഫീയായി 460 (46x5x2) രൂപ ഈടാക്കുന്നതിനു പകരം 276 (46x3x2) രൂപ മാത്രമാണ് ഈടാക്കിയത് കുറവ് തുക ₹184/-ഈടാക്കേണ്ടതാണ്.

## 2-10 പി.എൻ ആയുർവ്വേദാശ്രമം വസ്തുനികുതി പുനർനിർണ്ണയം നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ പ്രകാരം 3/584, 3/585നമ്പർ കെട്ടിടങ്ങളുടെ 70m$^2$, 35m$^2$ തറവിസ്തീർണ്ണത്തിനാനുപാതികമായി യഥാക്രമം 126,63 രൂപയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. 25.07.17 ന് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി എ.ആർ.ശ്രീദേവിയുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ ടി കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം ഇതിൽ അധികരിക്കുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആയതിനാൽ ഈ കെട്ടിടങ്ങൾ പരിശോധന വിധേയമാക്കി വസ്തുനികുതി പുനർനിർണ്ണയം ചെയ്യേണ്ടതാണ്.

എറിയാട് ഗ്രാമപഞ്ചായത്തിൽ ആയുർവ്വേദ സുഖചികിത്സാ കേന്ദ്രങ്ങൾക്കുള്ള നികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല. സർക്കാർ ഉത്തരവ് (അ) നമ്പർ 36/2015/24.02.2015 പ്രകാര മുള്ള നിരക്കിൽ ആയുർവ്വേദ സുഖചികിത്സാ കേന്ദ്രങ്ങൾക്കുള്ള വസ്തുനികുതി

നിശ്ചയിക്കാവുന്നതാണ്. മേൽ സ്ഥാപനം ആയുർവ്വേദ സുഖചികിത്സാ കേന്ദ്രങ്ങളിൽ ഉൾപ്പെടുന്നുണ്ടെങ്കിൽ ടി സ്ഥാപനത്തിന്റേയും ഗ്രാമപഞ്ചായത്തിൽ മറ്റ് ആയുർവ്വേദ സുഖചികിത്സാ കേന്ദ്രങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെയും വസ്തുനികുതി പുനർനിർണ്ണയം ചെയ്യേണ്ടതാണ്.

## 2-11 രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

1. കളക്ഷൻ രജിസ്റ്ററുകൾ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തലുകൾ വരുത്തുന്നില്ല. 31.03.17 ലെ മാനവൽ ഓഫീസ് കളക്ഷൻ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നില്ല. ടി തിയതിയിലെ ഷോർട്ട് കളക്ഷൻ ഓഡിറ്റ് പരിശോധനാ വേളയിൽ അടവാക്കുകയാണുണ്ടായത്. ആയതിനാൽ ഓഫീസ് കളക്ഷൻ രജിസ്റ്റർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധനാ വിധേയമാക്കേണ്ടതാണ്.

2. ബിൽഡിംഗ് റഗുലറൈസേഷൻ ഫീ രജിസ്റ്റർ പൂർണ്ണമല്ല

3. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. രജിസ്റ്ററിൽ കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരങ്ങൾ രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.
4. ആസ്തി രജിസ്റ്ററിൽ നാളിതുവരെ നടത്തിയ അറ്റകുറ്റപ്പണികൾ, കൂട്ടിചേർക്കലുകൾ, കുറവു വരുത്തലുകൾ, തേയ്മാനം എന്നീ വിവരങ്ങൾ ചേർത്ത് കാലികമാക്കുന്നില്ല.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സാന്ത്വന പരിചരണ പദ്ധതി - കെ.എം.എസ്.സി.എൽ ലിൽ നിന്നും മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭ്യമായിട്ടില്ല.

| | |
|---|---|
| പദ്ധതി നമ്പർ | : 50/17 |
| അടങ്കൽ തുക | : 5,95,000 |
| ചെലവ് | : 474632 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : മെഡിക്കൽ ഓഫീസർ (ആരോഗ്യം) |

പി.എച്ച്.സി. മാടവന

സാന്ത്വന പരിചരണ വിഭാഗത്തിൽ രജിസ്റ്റർ ചെയ്ത രോഗികൾക്ക് മരുന്ന വാങ്ങി നൽകുന്നതിന് തിരുവനന്തപുരത്തെ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 23.02.17ൽ 1,00,000/- രൂപ ഓൺലൈനായി കൈമാറ്റം ചെയ്തു. കൂടാതെ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് 1,15,440/- രൂപയും നൽകി. ആയതിൽ മരുന്നുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആവശ്യപ്പെട്ട 6 ഇനം ഉപകരണങ്ങളിൽ 4 ഇനത്തിന്റെ പകുതി എണ്ണം മാത്രമാണ് ലഭ്യമാക്കിയത്. ദീർഘകാല ചികിത്സയും പരിചരണവും ദൈനംദിന കാര്യങ്ങൾക്ക് പരസഹായവും ആവശ്യമുള്ള രോഗികളാണ് സാന്ത്വന പരിചരണ പദ്ധതിയുടെ ഗുണഭോക്താക്കൾ എന്നതു കണക്കിലെടുത്ത് ഈ വിഭാഗത്തിന് മരുന്നുകളും ഉപകരണങ്ങളും അടിയന്തിരമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 ഹോമിയോ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല

പദ്ധതി നമ്പർ : 49/17

അടങ്കൽ തുക : 1,25,000

ചെലവ് : 1,25,000

ഫണ്ട് : മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ

ഹോമിയോ ആശുപത്രി

ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് ലഭ്യമാക്കുന്നതിന് കേരള സംസ്ഥാന ഹോമിയോപ്പതിക്ക് സഹകരണ ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപന ത്തിന് 125000/- രൂപ 21.03.17ന് ട്രഷറി മുഖേന കൈമാറിയിട്ടുണ്ട്. ആയതിന്റെ രസീത് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും (നം. 2985 തിയതി 13.05.17) ഓഡിറ്റ് തിയതിയിലും മേൽ പറഞ്ഞ സ്ഥാപനം മരുന്ന് ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 ഹെഡ്മാസ്റ്റർ, ഗവ.യു. പി. സ്കൂൾ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പദ്ധതികൾ -അപാകതകൾ

1. പദ്ധതി നമ്പർ : 149/17

“എസ്.സി. സാംസ്കാരിക നിലയം അടിസ്ഥാന സൗകര്യം
"

ഫണ്ട് : എസ്.സി.പി

അടങ്കൽ തുക : 76,000

ചെലവ് : 70,794

2. പദ്ധതി നമ്പർ : 150/17

"കമ്പ്യൂട്ടർ ലാബ് ഒരുക്കൽ ,ജി.യു.പി.എസ് "

ഫണ്ട് : ധനകാര്യകമ്മീഷൻ അവാർഡ്

അടങ്കൽ തുക : 100000

ചെലവ് : 93800

3. പദ്ധതി നമ്പർ : 151/17

"കുടുംബശ്രീ ലൈബ്രറി സജ്ജീകരിക്കൽ "

ഫണ്ട് : ധനകാര്യകമ്മീഷൻ അവാർഡ്

അടങ്കൽ തുക : 50739

ചെലവ് : 49354

4. പദ്ധതി നമ്പർ : 167/17

"ലൈബ്രറി,സാക്ഷരത സേവനം മെച്ചപ്പെടുത്തൽ"

അടങ്കൽ തുക : 60000

ചെലവ് : 60000

മേൽ പദ്ധതികളുടെ ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

l മേൽ പറഞ്ഞ പ്രൊജക്ടുകൾ പ്രകാരം കമ്പ്യൂട്ടറുകൾ, ലൈബ്രറി പുസ്തകങ്ങൾ, ആനുകാലികങ്ങൾ, ഫർണീച്ചർ എന്നിവ വാങ്ങൽ നടത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ നിയത രൂപത്തിൽ സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ എന്ന പേരിൽ ലഭ്യമാക്കിയ രജിസ്റ്റർ ആധികാരികമല്ല. വാങ്ങൽ നടത്തിയ സ്ഥാപനങ്ങളുടെ പേര് നിരത്തിയെഴുതി വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. പദ്ധതി നമ്പർ, ബിൽ നമ്പർ, തിയതി, സ്റ്റോക്കിലെടുത്ത തിയതി, നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒപ്പ്, വിതരണം നടത്തിയ തിയതി, കൈപ്പറ്റിയവരുടെ ഒപ്പ് തുടങ്ങിയ വിശദാംശങ്ങൾ

രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.കൃത്യമായ സ്റ്റോക്ക് - വിതരണ രേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികളുടെ പരിശോധന പൂർത്തിയാക്കാൻ സാധിച്ചില്ല ആയതിനാൽ സ്റ്റോക്ക് രജിസ്റ്റർ ആധികാരികമാക്കി അനുബന്ധരേഖകൾ സഹിതം പദ്ധതിഫയലുകൾ ഓഡിറ്റിനു ലഭ്യമാക്കുന്നതുവരെ മേൽ പ്രൊജക്ടുകൾക്കായി ചെലവഴിച്ച ആകെ തുക 273948/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

II രശീതു പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 19.12.16 ന് 10420 നമ്പറിലുള്ള രശീതു പുസ്തകം നിർവ്വഹണ ഉദ്യോഗസ്ഥയായ ശ്രീമതി ഇ.റ്റി. മിനി, ഹെഡ്മിസ്ട്രസ്സ് കൈപ്പറ്റിയിട്ടുണ്ട്. വാങ്ങൽ പ്രവർത്തിക്കായുള്ള ടെണ്ടർഫോം വില്പന നടത്തുന്നതിനാണ് രശീതിപുസ്തകം ആവശ്യപ്പെട്ടത്. എന്നാൽ പദ്ധതി ഫയലിനൊപ്പം രശീതിപുസ്തകവും കളക്ഷൻ രജിസ്റ്ററും ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ കയ്യെഴുത്ത് രശീതിപുസ്തകം ഏതെങ്കിലും തരത്തിൽ ദുരുപയോഗം ചെയ്യപ്പെട്ടാൽ ആയതിന്റെ ഉത്തരവാദിത്തം നിർവ്വഹണ ഉദ്യോഗസ്ഥയ്ക്കാണ്. രശീതിപുസ്തകത്തിൽ തൻവർഷം ഉപയോഗിക്കാത്ത രശീതികൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കേണ്ട ചുമതലയും നിർവ്വഹണ ഉദ്യോഗസ്ഥയ്ക്കുണ്ട്. വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട്, രശീതിപുസ്തകം കണ്ടെത്തി പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 ആശ്രയ പദ്ധതി - ഒന്നാം ഘട്ടം ലക്ഷ്യം കൈവരിക്കാതെ തന്നെ രണ്ടാം ഘട്ടം ആരംഭിച്ചു - നിരീക്ഷണങ്ങൾ

ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉദ്ദ്യേശിച്ച ലക്ഷ്യങ്ങൾ പൂർത്തീകരിക്കാതെ രണ്ടാം ഘട്ടം (2015 – 18) ആരംഭിച്ചിരിക്കുന്നു. പഞ്ചായത്തിൽ നടപ്പാക്കിയ ഒന്നും രണ്ടും ഘട്ടങ്ങളുടെ ലഘു അവലോകനം പട്ടിക രൂപത്തിൽ ചുവടെ ചേർക്കുന്നു.

| നം | ഇനം | ജനറൽ | | പട്ടിക വർഗ്ഗം | |
|---|---|---|---|---|---|
| | | 1st പ്രോജക്ട് | 2nd പ്രോജക്ട് | 1st പ്രോജക്ട് | 2nd പ്രോജക്ട് |
| 1 | ആശ്രയ പദ്ധതി സർവേ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ആശ്രയ കുടുംബങ്ങൾ | 55 | 87 | | |
| 2 | പദ്ധതി പ്രകാരം ആകെ ഗുണഭോക്താക്കൾ | 97 | 130 | | |
| 3 | പദ്ധതി പ്രകാരം | 3 | 12 | | |

| | | | | | |
|---|---|---|---|---|---|
| | വീടുവെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | | | | |
| 4 | നാളിതുവരെ ലഭിച്ചവർ | - | - | | |
| 5 | പദ്ധതി പ്രകാരം വീട് ആവശ്യമുള്ളവർ | 34 | 23 | | |
| 6 | നാളിതുവരെ ലഭിച്ചവർ | 11 | 1 | | |
| 7 | പദ്ധതി പ്രകാരം വീട് റിപ്പയർ ആവശ്യമുള്ളവർ | 11 | 33 | | |
| 8 | നാളിതുവരെ ലഭിച്ചവർ | - | - | | |
| 9 | പദ്ധതി പ്രകാരം കക്കൂസ് ആവശ്യമുള്ളവർ | 17 | 6 | | |
| 10 | നാളിതുവരെ ലഭിച്ചവർ | - | - | | |
| 11 | പദ്ധതി പ്രകാരം കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | 25 | 45 | | |
| 12 | നാളിതുവരെ ലഭിച്ചവർ | - | - | | |
| 13 | പദ്ധതി പ്രകാരം വൈദ്യൂതീകരണം ആവശ്യമുള്ളവർ | 23 | - | | |
| 14 | നാളിതുവരെ ലഭിച്ചവർ | - | - | | |
| 15 | ഗ്രാമപഞ്ചായത്ത് പരിധിയിൽ ആശ്രയ പദ്ധതി പ്രകാരം ഭക്ഷണം, മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം ആവശ്യമുള്ള കുടുംബങ്ങൾ / വ്യക്തികൾ | 55 | 87 | | |
| 16 | ഗ്രാമപഞ്ചായത്ത് പരിധിയിൽ ആശ്രയ പദ്ധതി പ്രകാരം ചലഞ്ച് ഫണ്ട് ഉപയോഗപ്പെടുത്തി ഭക്ഷണം, മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം നൽകുന്ന കുടുംബങ്ങൾ / വ്യക്തികൾ | 55 | 87 | | |

| | | | | | | |
|---|---|---|---|---|---|---|
| 17 | ആശ്രയ പദ്ധതി പ്രകാരം നാളിതുവരെ വരവ് | പ്ലാൻ ഫണ്ട് | 3550000 | 200000 | | |
| | | ചലഞ്ച് ഫണ്ട് | 1000000 | 500000 | | |
| 18 | ആശ്രയ പദ്ധതി പ്രകാരം ചെലവ് | പ്ലാൻ ഫണ്ട് | 3550000 | 200000 | | |
| | | ചലഞ്ച് ഫണ്ട് | 1120925 | 183738 | | |
| 19 | നീക്കിയിരിപ്പ് | പ്ലാൻ ഫണ്ട് | | | | |
| | | ചലഞ്ച് ഫണ്ട് | 54716 | 329464 | | |
| 20 | ചെലവ് ശതമാനം | പ്ലാൻ ഫണ്ട് | | | | |
| | | ചലഞ്ച് ഫണ്ട് | | 36.75 | | |

ആശ്രയ ചലഞ്ച് ഫണ്ട് ഉപയോഗിച്ചുള്ള പോഷകാഹാര വിതരണം മാത്രമാണ് കുടുംബശ്രീയിൽ നിന്നും നടപ്പാക്കുന്നത്. ഗൃഹനിർമ്മാണവും നാമമാത്രമായി മാത്രമേ നടന്നിട്ടുള്ളു. 2016-17 ൽ അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 3,00,000/- രൂപ അടങ്കൽ തുക വെച്ച് ഭവന നിർമ്മാണ പദ്ധതി നടപ്പാക്കി. ആയതു പ്രകാരം മുൻ വർഷങ്ങളിൽ ആരംഭിച്ച് നിർമ്മാണം പൂർത്തിയാക്കാതിരുന്ന 2 ഗുണഭോക്താക്കൾ ഗൃഹനിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിലെയും രണ്ടാം ഘട്ടത്തിലെയും ഗുണഭോക്താക്കൾക്ക് തുടർസേവനം ലഭ്യമാക്കി ഉദ്ദ്യേശലക്ഷ്യങ്ങൾ നേടാൻ തക്കവണ്ണം പദ്ധതികൾ രൂപീകരിക്കാൻ പഞ്ചായത്ത് തല ആശ്രയ വിലയിരുത്തൽ സമിതി പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-5 ഭവന നിർമ്മാണ പദ്ധതികൾ

1. പദ്ധതി നം . 25 / 17 വീട് നിർമ്മാണം

ജനറൽ ഫണ്ട് : പദ്ധതി ഫണ്ട് + തനതു ഫണ്ട്

ആകെ അടങ്കൽ തുക : 10160000 (5960000+ 4200000)

ചെലവ് : 9840000 (5640000 + 4200000)

2. പദ്ധതി നം. 17 / 17

ഇ.എം.എസ് ഭവനപദ്ധതി : വീട് പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് അധിക തുക നൽകൽ

ഫണ്ട് : തനത് ഫണ്ട്

അടങ്കൽ തുക : 2,00,000

ചെലവ് : 200000

മേൽ പറഞ്ഞ പദ്ധതികളിൽ ക്രമനം.1, 2015-16 ൽ ആരംഭിച്ച്, 100 ഗുണഭോക്താക്കളിൽ 95 പേരുടേയും ഭവന നിർമ്മാണം പൂർത്തിയാക്കി അഭിനന്ദനാർഹമായ രീതിയിൽ ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. ക്രമനം. 2 പദ്ധതി പ്രകാരം വീട്ടു പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് അധിക തുക നൽകി ഗൃഹ നിർമ്മാണം പൂർത്തീകരിച്ചു. എന്നാൽ ഇ.എം.എസ്. ഭവന പദ്ധതി ഗുണഭോക്താക്കളുടെ രജിസ്റ്റർ പരിശോധിച്ചതിൽ 15 പേർ ഒന്നും രണ്ടും മൂന്നും ഗഡുക്കൾ കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞും പണി പൂർത്തികരിക്കാത്തതായി അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സീരിയൽ നം. | പേര് | വാർഡ് | കൈപ്പറ്റിയ തുക/കൈപ്പറ്റിയ തിയ്യതി |
|---|---|---|---|---|
| 1 | 211 | ഷാജി പുഞ്ചപ്പറമ്പിൽ | IV | 35000/18.10.11 |
| 2 | 182 | സുജാത, മേപ്പറമ്പിൽ | IV | 45000/02.08.11 |
| 3 | 168 | ശ്രീനിവാസൻ, കായിപ്പറമ്പിൽ | IV | 45000/25.11.99 |
| 4 | 141 | ലോഹിതാക്ഷൻ തറയപ്പുറത്ത് | VI | 45000/23.10.99 |
| 5 | 73 | സരോജിനി കൊണ്ടാംപുള്ളി | VII | 45000/14.09.09 |
| 6 | 244 | ഷഹനാബി പഴങ്ങോട്ട് | X | 45000/22.12.09 |
| 7 | 181 | രഞ്ജൻ ബാലൻ കൈമാപ്പറമ്പിൽ | XI | 45000/03.11.09 |
| 8 | 190 | ഹരിദാസൻ കുഴിക്കാട്ട് | XV | 45000/24.03.10 |

| | | | | |
|---|---|---|---|---|
| 9 | 64 | അബ്ദുൾ സലാം പുന്നയ്ക്കൽ | XVII | 20000/05.06.09 |
| 10 | 250 | അബു ജലീൽ പുത്തേഴത്ത് | XX | 45000/19.04.10 |
| 11 | 201 | മാലതി കംബ്ലിക്കൽ | XXII | 35000/10.08.10 |
| 12 | 139 | അലി അബു | XIX | 45000/13.10.09 |
| 13 | 186 | പ്രഭാകരൻ തലാശ്ശേരി | XXII | 35000/25.11.09 |
| 14 | 95 | രമേഷ് തലാശ്ശേരി | XXII | 35000/19.03.12 |
| 15 | 239 | സതി സദാനന്ദൻ, വടാശ്ശേരി | XXII | 45000/26.02.12 |

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ഗൃഹനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിലയിരുത്തി ആയത് പൂർത്തീകരിക്കാൻ ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-6 സ്ഥല പരിശോധനയിൽ കണ്ടെത്തിയ-അപാകതകൾ

25.07.17ന് എറിയാട് ഗ്രാമ പഞ്ചായത്തിലെ അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കണ്ടെത്തിയ അപാകതകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. എസ്.സി. സാംസ്കാരിക നിലയം (1.45 pm)

ഹെഡ്മാസ്റ്റർ, ജി.യു.പി.എസ് അഴീക്കോട് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ എസ്.സി. സാംസ്കാരിക നിലയം അടിസ്ഥാന സൗകര്യം (പദ്ധതി നമ്പർ 149/17) എന്ന പദ്ധതി പരിശോധനയുടെ ഭാഗമായി സ്ഥലസന്ദർശനം നടത്തി. 1 കമ്പ്യൂട്ടർ, 1മേശ വലുത്, കസേര 20 എണ്ണം, പുസ്തകങ്ങൾ, എന്നിവ മേൽ പ്രൊജക്ടിന്റെ ഭാഗമായി സാംസ്കാരിക നിലയത്തിന് കൈമാറുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്യുന്നത്. മേശ, കസേരകൾ, കമ്പ്യൂട്ടർ എന്നിവ ലഭ്യമായതായി കണ്ടെത്തിയെങ്കിലും പുസ്തകങ്ങൾ ലഭിച്ചതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖയില്ല. നമ്പറിട്ട പുസ്തകങ്ങൾ റാക്കുകളിലും അലമാരകളിലും സൂക്ഷിച്ച കാണുന്നുവെങ്കിലും മേൽ പ്രൊജക്ടിന്റെ ഭാഗമായി 2016–17 വർഷത്തിൽ പുസ്തകങ്ങൾ ലഭ്യമായതായും ആയത് സ്റ്റോക്കിലെടുത്തതായും രേഖപ്പെടുത്തിയിട്ടില്ല. 18.10.16 മുതൽ പുസ്തകങ്ങൾ വിതരണം ചെയ്യുന്ന രജിസ്റ്റർ

പരിശോധിച്ചതിലും മേൽപ്പറഞ്ഞ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

2 ജി.യു.പി.എസ്, അഴീക്കോട് (1.55 pm)

പദ്ധതി നമ്പർ 150/17 'കമ്പ്യൂട്ടർ ലാബ് ഒരുക്കൽ 'എന്ന പ്രൊജക്ടിന്റെ ഭാഗമായി സ്കൂളിലേക്ക് 2 കമ്പ്യൂട്ടറുകളും 1 എയർ കണ്ടീഷണറും വാങ്ങൽ നടത്തിയിട്ടുണ്ട്. ആയത് സ്കൂളിൽ സ്ഥാപിച്ചതായി കണ്ടെത്തിയെങ്കിലും സ്റ്റോക്കിലെടുത്തിട്ടില്ല. മാത്രമല്ല ഡി.സി.ബുക്സിൽ നിന്നും പദ്ധതി നമ്പർ 167ന്റെ ഭാഗമായി വാങ്ങിയ പുസ്തകങ്ങൾ അടങ്ങിയ പെട്ടികൾ ഓഫീസ് മുറിയിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. പെട്ടിക്കു പുറത്ത് 'എസ്.സി സാംസ്കാരിക നിലയം' എന്ന് രേഖപ്പെടുത്തിയിരുന്നു. മേൽ പ്രൊജക്ടിന്റെ ഭാഗമായി വാങ്ങിയ പുസ്തകങ്ങൾ ഓഡിറ്റ് തിയ്യതിയിലും വിതരണം ചെയ്തിട്ടില്ല.

# 3-7 യു ബസാർ എടവിലങ്ങ് റോഡ് റീടാറിങ് -അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | – സെക്രട്ടറി |
| ഭരണാനുമതി നം. | – സ.ഉ (ആർ.റ്റി.)2181/13/CMD/20/4/13, |
| അടങ്കൽ | - നാല് ലക്ഷം |
| കൺവീനർ | – പി.എം.തൽഹത്ത്, പുത്തൻകാട്ടിൽ, മാടവന |
| അളവുപുസ്തകം | – 392/14-15 |

എൻ.സി.എഫ്.ആർ.ഡബ്ലിയു സ്കീം പ്രകാരമാണ് മേൽപറഞ്ഞ പ്രവൃത്തിക്ക് അനുമതി ലഭിച്ചത്. ഗുണഭോക്താക്കളുടെ യോഗം 21/2/14ൽ ചേർന്നതു പ്രകാരം കൺവീനർ, ചെയർമാൻ എന്നിവരെ തെരഞ്ഞെടുക്കുകകയും പഞ്ചായത്ത് ഭരണസമിതിയുടെ 22/2/14 ലെ 1(1)നമ്പർ തീരുമാന പ്രകാരം ആയത് അംഗീകരിക്കുകയും തൻവർഷം കരാർ ചമക്കുകയും ചെയ്തു.അളവുപുസ്തകം പ്രകാരം 20/4/15 ന് പ്രവൃത്തി തുടങ്ങി 29/5/15ന് പ്രവൃത്തി പൂർത്തീകരിച്ചു. റോഡ് നെയിം ബോർഡിന്റെ യഥാർഥ പകർപ്പ് ഫോട്ടോ എൽ.എസ്.ജി.ഡി. സബ്ഡിവിഷനിലെ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പക്ഷെ ഈ ഫോട്ടോ 9/1/2012ലേതാണ്. ഇത് സൂചിപ്പിക്കുന്നത് പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി, ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, കരാർ ചമക്കൽ എന്നിവക്ക് മുമ്പേ പ്രവൃത്തി പൂർത്തീകരിച്ചു എന്നതാണ്. ഗുണഭോക്തൃ കമ്മിറ്റി തെരെഞ്ഞെടുപ്പിന് ശേഷം മിനിറ്റ്സ് എഴുതിയിട്ടുമില്ല. കൺവീനറുടെ വരവുചെലവു കണക്കുകൾ തയ്യാറാക്കിയിട്ടില്ല. പണിക്കാർക്ക് കൂലി കൊടുത്തതിന്റെയോ കൺവീനർ തുക കൈപ്പറ്റിയതിന്റെയോ വിവരങ്ങൾ ഫയലിലില്ല.

നേരത്തെ ചെയ്തു ഒരു പ്രവൃത്തിയ്ക്ക് ആധികാരികമല്ലാത്ത വിധം തുക

നൽകുവാനുണ്ടായതിന്റെ കാരണം വ്യക്തമാക്കണമെന്ന ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ രേഖപ്പെടുത്തിയത് ഫോട്ടോഗ്രാഫിയിലെ ഡേറ്റ് സെറ്റിങ്ങിൽ സംഭവിച്ച അപാകത മൂലമെന്നാണ്. 25/7/17ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടന്ന സ്ഥല പരിശോധനയിൽ, അവർ സൂചിപ്പിച്ചത് ചെയ്ത പ്രവൃത്തി സൈറ്റ് പ്ലാൻ പ്രകാരമുള്ള നിർദിഷ്ട റോഡ് ആരംഭിക്കുന്നതിന് മുൻപേ വലത്തോട്ട് തിരിയുന്ന റോഡിലാണ് പ്രവൃത്തി ചെയ്തതെന്നാണ്. പക്ഷെ ഇതു സംബന്ധിച്ച് യാതൊരു സ്പഷ്ടീകരണവും ഫയലിലില്ല. മതിയായ രേഖകൾ ഫയലിലില്ലാത്തതിനാലും സൈറ്റ് പ്ലാനിൽ നിർദ്ദേശിച്ച പ്രവൃത്തി ചെയ്തിട്ടില്ലായെന്ന് സൂചിപ്പിച്ചതിനാലും ഈ പ്രവൃത്തി നടത്തിപ്പ് സംബന്ധിച്ച് വിശദമായ ഒരു അന്വേഷണം നടത്തേണ്ടതാണ്.

## 3-8 തെരുവ് നായ്ക്കളുടെ പേവിഷബാധ നിയന്ത്രണം- വിനിയോഗവിവരം ലഭ്യമാക്കിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രൊജക്ട് നം. 68/17 അനുസരിച്ച് ബിൽ നം.32/23/2/17 പ്രകാരം 75000/-രൂപ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ സ്പെഷ്യൽ ടി.എസ്.ബി.അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. നാളിതുവരെയും തുകയുടെ വിനിയോഗ വിവരം ലഭിച്ചിട്ടില്ല. ആയത് എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്.

## 3-9 പൊതുടാപ്പ് മാറ്റി സ്ഥാപിക്കൽ–പൂർത്തീകരണ വിവരം ലഭിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ബിൽ നം. – 25/14/2/17, തുക – 210000

വൗച്ചർ നം. – 21601052/22/2/17

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രൊജക്ട് നം.164/17 പ്രകാരം മേൽ പ്രവൃത്തിക്കായി കേരള വാട്ടർ അതോറിറ്റി ഇരിങ്ങാലക്കട പി.എച്ച്.ഡിവിഷൻ എക്സിക്യൂട്ടിവ് എൻജിനീയർക്ക് തുക കൈമാറിയിട്ടുണ്ട്. 1/16-17/18/3/17 നമ്പർ കരാറിലെ രണ്ടാം നിബന്ധനയനുസരിച്ച് തുക മാർച്ച് മാസത്തിലാണ് നൽകേണ്ടത് എങ്കിലും കരാർ ചമയ്ക്കും മുമ്പേ തുക നൽകി. ആറാം

നിബന്ധനയനുസരിച്ച് 15/5/17 ന് പ്രവൃത്തി തുടങ്ങി 15/7/17 ന് പൂർത്തീകരിച്ച് ഏഴാം നിബന്ധനയനുസരിച്ച് രണ്ടാഴ്ചക്കകം പൂർത്തീകരണ സർട്ടിഫിക്കറ്റും പ്രവർത്തന റിപ്പോർട്ടും നൽകേണ്ടതാണെങ്കിലും ആയത് നാളിതുവരെ ലഭിച്ചിട്ടില്ല. ആയവ എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്.

## 3-10 നിക്ഷേപ പ്രവൃത്തികൾ - കരാർ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

താഴെപ്പറയുന്ന പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബിയിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച കരാറോ പൂർത്തീകരണ വിവരമോ ലഭിച്ചിട്ടില്ല. ആയവ എത്രയും വേഗം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിങ്

| ബിൽ നം. | തുക |
|---|---|
| 12/11/1/16 | 33150 |
| 18/29/12/16 | 13100 |
| 26/19/2/17 | 14150 |
| 27/19/2/17 | 14100 |
| 33/23/2/17 | 21100 |
| 38/8/3/17 | 49300 |
| ആകെ | 144900 |

2. സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ

| ബിൽ നമ്പർ | തുക |
|---|---|
| 19/29/12/14 | 352405 |
| 34/23/2/17 | 101399 |
| 43/30/3/17 | 91638 |
| ആകെ | 545442 |

താഴെകൊടുക്കുന്ന തുക പൈപ്പ് ലൈൻ എക്സ്റ്റെൻഷന് വേണ്ടി കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. കരാറും പൂർത്തീകരണ വിവരവും ലഭ്യമാക്കിയിട്ടില്ല. ആയത് എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്.

| ബിൽ നം | തുക |
|---|---|
| 9/26/9/16 | 105716 |
| 10/ 26/9/16 | 105915 |

# 3-11 സീൽകോട്ട് ചെയ്യാത്തത് മൂലം ചെയ്ത പ്രവൃത്തി തകരാറിലായി.ഗുണനിലവാരമില്ല.

1.അബ്ദുൾകലാം റോഡ് സെക്കന്റ് മെറ്റലിങ് ,ടാറിങ്

പ്രൊജക്റ്റ് നം. - 90/17 അടങ്കൽ ₹ 640000

കരാറുകാരൻ - കെ.കെ സജീവൻ

അളവുപുസ്തകം - ഇല്ല

ഈ പ്രവൃത്തിക്ക് നാളിതുവരെ തുകയൊന്നും കൊടുത്തിട്ടില്ല. 25/7/17 1.25pmന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടന്ന സ്ഥല പരിശോധനയിൽ സീൽകോട്ട് ചെയ്യാത്തത് മൂലം ചെറിയ മെറ്റലുകൾ പലയിടത്തും ചിന്നിച്ചിതറിക്കിടക്കുന്നുണ്ടായിരുന്നു. ഇതു സംബന്ധിച്ച കരാറിൽ കരാറുകാരനോ നിർവ്വഹണ ഉദ്യോഗസ്ഥയോ ഒപ്പുവെച്ചിരുന്നില്ല. സ്ഥലം കൈമാറിയ രേഖയും ഫയലില്ലായിരുന്നു. ആധികാരികതയില്ലാതെയാണ് കരാറുകാരൻ പ്രവൃത്തി ചെയ്തത്. ചെയ്ത പ്രവൃത്തിയുടെ അളവു രേഖപ്പെടുത്തിയിട്ടുമില്ല. പ്രവൃത്തിയിലെ അപാകതകൾ കുറ്റമറ്റ രീതിയിൽ പരിഹരിച്ചു എന്ന് ഉറപ്പാക്കിയും മറ്റു അപാകതകൾ പരിഹരിച്ച ശേഷവും മാത്രമേ ചെലവു നടത്താനാവൂ.

2.മൊയ്തീൻകുട്ടി റോഡ് റീടാറിങ് -പ്രൊജക്റ്റ് നം.89/17

2016-17ൽ പദ്ധതിയുടെ ഭാഗമായി കൾവെർട്ട് നിർമ്മാണത്തിന് മാത്രമേ തുക നൽകിയിട്ടുള്ളൂ. പദ്ധതിയിൽ 180മീറ്റർ ടാറിങ് ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതി സ്ഥലം സന്ദർശിച്ചപ്പോൾ സീൽകോട്ട് ചെയ്യാത്തത് മൂലം ചെയ്ത പ്രവൃത്തി ഗുണനിലവാരമില്ല എന്ന് കണ്ടു. റീടാറിങ് സംബന്ധിച്ച വിവരങ്ങൾ അളവുപുസ്തകം 424/16-17 ൽ രേഖപ്പെടുത്തലുകളും നടത്തിയിട്ടില്ല. അപാകതകൾ കുറ്റമറ്റ രീതിയിൽ പരിഹരിച്ചു എന്ന് ഉറപ്പുവരുത്തിയ ശേഷമേ ചെലവ് അനുവദിക്കാനാവൂ.

# 3-12 എസ്.സി. ഫ്ലാറ്റ് ഉപയുക്തമാക്കേണ്ടതാണ്

2013-14 ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 3480000/- രൂപ ചെലവിട്ട് ഏഴ് മുറികളുള്ള ഫ്ലാറ്റ് (താഴെ 5 മുറി, മുകളിൽ 2മുറി -ഫിനിഷിങ് പ്രവൃത്തിയൊഴികെ), കുടിവെള്ളപദ്ധതി, ചുറ്റുമതിൽ എന്നിവ ചെയ്തിരുന്നു. 2016-17ൽ 12,68,000/- രൂപ ചെലവിൽ മൂന്ന് പുതിയ മുറികളും, ഫിനിഷിങ് പ്രവൃത്തിയും (975000/- രൂപ ചെലവിൽ മൂന്ന് മുറികൾ, 293000/- രൂപ ചെലവിൽ ഫിനിഷിങ്ങ് പ്രവൃത്തികൾ) 4,33,388/-രൂപ ചെലവിൽ വയറിങ് പ്രവൃത്തിയും ചെയ്തിരുന്നു. അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ഫ്ലാറ്റിലേക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല എന്ന് കണ്ടു. എത്രയും വേഗം ഫ്ലാറ്റിലേക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കി, അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ഫ്ലാറ്റ് ഉപയുക്തമാക്കേണ്ടതാണ്.

## 3-13 വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

ബിൽ നം. -46-30/3/17-500000 രൂപ

(എ) മതിലകം ഗ്രാമപഞ്ചായത്തിലെ പുതിയകാവ് മുതൽ എറിയാട് ഗ്രാമപഞ്ചായത്തിലെ മരപ്പാലം വരെ റോഡ് വീതി കൂട്ടി ടാറിങ് നടത്തുന്നതിനായി മതിലകം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് മേൽ പ്രകാരം തുക നൽകിയെങ്കിലും വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ആയത് എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്.

(ബി)തനത് ഫണ്ട് സ്ഥലമുടമയുടെ സമ്മതമില്ലാതെ അംഗൻവാടിയിലേക്ക് കറന്റ് കണക്ഷൻ മാറ്റിസ്ഥാപിക്കൽ-അധികച്ചെലവ്

വൗച്ചർ നം. 21600277/27/6/17-12600

10-ാം വാർഡിലെ 34 നമ്പർ അംഗൻവാടിയിലേക്ക് സമീപത്തുള്ള സ്ഥലമുടമയുടെ സമ്മതമില്ലാതെ കറന്റ് കണക്ഷൻ എടുത്തതിനെതിരെ സ്ഥലമുടമ കൊടുങ്ങല്ലൂർ ലീഗൽ സർവ്വീസ് സൊസൈറ്റിയിൽ നൽകിയ പരാതിയിന്മേലുള്ള PLP 118/14/29/814 ലെ വിധി അനുസരിച്ച് പ്രസ്തുതസ്ഥലത്തുനിന്നും വൈദ്യുതി ലൈൻ മാറ്റിസ്ഥാപിക്കേണ്ടിവന്നതിനാണ് മേൽതുക ചെലവുവന്നത്. ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സൂചിപ്പിച്ചത് സ്ഥലമുടമയുടെ വീടിന് മുകളിലൂടെ കറന്റ് കണക്ഷൻ എടുത്തതുകൊണ്ടും ആ സമയം ടിയാന് പരാതിയൊന്നും ഇല്ലാതിരുന്നുമെന്നുമാണ്. യഥാസമയം സ്ഥലമുടമയെക്കൊണ്ട് സമ്മതം രേഖാമൂലം എഴുതി വാങ്ങിയിരുന്നുവെങ്കിൽ ഇത്തരമൊരു അധികച്ചെലവ് വന്നുപെടില്ലായിരുന്നു. സന്ദർഭോചിതമായ നടപടികൾ സ്വീകരിച്ച് അധികച്ചെലവുകൾ വരാതിരിക്കാൻ ഭാവിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-14 തൊഴിലുറപ്പ് പദ്ധതി

മുന്നിരിപ്പടക്കം തൻവർഷം വരവുവന്ന 3,43,02,759/- രൂപയിൽ 3,43,01,953/- രൂപയും ചെലവുചെയ്തിട്ടുണ്ട്. 609 പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 1816 കുടുംബങ്ങൾക്ക് തൊഴിൽ ലഭ്യമായതിൽ 83 കുടുംബങ്ങൾ നൂറ് ദിവസത്തെ തൊഴിൽ പൂർത്തീകരിച്ചു.

മെറ്റീരിയലുകൾ ഉപയോഗിച്ച് തൻവർഷം രണ്ട് റോഡ് കോൺക്രീറ്റ്, 28 കംപോസ്റ്റ് പിറ്റ്, 85 കക്കൂസ് നിർമ്മാണം 3 കുളം, ഒരു തൊഴുത്ത്, ഒരു കോൺക്രീറ്റ് ബ്ലോക്ക് നിർമ്മാണം, ഒരു കാന, രണ്ട് തോട് സംരക്ഷണം, ഒരു കിയോസ്ക് എന്നീ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

അവിദഗ്ധ തൊഴിലെടുത്തിരുന്ന തൊഴിലാളികൾ വിദഗ്ധ തൊഴിലിൽ ഏർപ്പെട്ടു എന്നത് ശ്രദ്ധേയമായ നേട്ടമാണ്. കോൺക്രീറ്റ് ബ്ലോക്ക് നിർമ്മാണം ഇതിനുദാഹരണമാണ്. ഈ കട്ടകൾ അംഗൻവാടി നിർമ്മാണം, തൊഴുത്ത്, കംപോസ്റ്റ് പിറ്റ്, കക്കൂസ് നിർമ്മാണം എന്നിവയ്ക്കായി ഉപയോഗിക്കാനും കഴിഞ്ഞു. പെരുംതോട് വൃത്തിയാക്കിയത് മൂലം തോടിലടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കം ചെയ്യുവാനും, നീരൊഴുക്ക് വർദ്ധിപ്പിക്കുവാനും കഴിഞ്ഞു. ആരോഗ്യപരമായ കാര്യങ്ങളിൽ വളരെയധികം ഗുണഫലങ്ങളുണ്ടാക്കുന്ന ഒരു പ്രവർത്തനമാണിത്. 2017-18ൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 50 മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക്ക് ഉല്പന്നങ്ങൾ നിരോധിക്കാനും അപ്രകാരമുള്ള ഉപയോഗം കണ്ടെത്തിയാൽ പിഴ ഈടാക്കാനും പഞ്ചായത്ത് തീരുമാനം കൈകൊണ്ടിട്ടുണ്ട്. ഈ തീരുമാനം പ്രാവർത്തികമാക്കുകയാണെങ്കിൽ അത് ശ്രദ്ധേയമായ ഒരു നേട്ടമാവുന്നതാണ്. ആരോഗ്യരംഗത്തുള്ള ഉദ്യോഗസ്ഥരുടെ ക്രിയാത്മകമായ സമീപനം ഇക്കാര്യത്തിൽ അത്യന്താപേക്ഷിതമാണ്. ദുർബല വിഭാഗക്കാരുടെ ഭൂമിയിൽ ചെയ്ത പച്ചക്കറികൃഷി, നാടൻ പച്ചക്കറിക്ക് ഇപ്പോൾ വളരെ പ്രിയമേറുന്നതിനാൽ അവർക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കുവാനും ഉതകുന്നതായി. ജൈവരീതിയിൽ ഉത്പാദിപ്പിക്കുന്ന പച്ചക്കറി ഉപയോഗിക്കുന്നത് ആരോഗ്യ രംഗത്ത് ചലനാത്മകമായ മാറ്റങ്ങൾ സൃഷ്ടിക്കുവാൻ പര്യാപ്തമാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ

## വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| മതിലകം ബ്ലോക്ക് പഞ്ചായത്ത് | മതിലകം പുതിയ കാവ് റോഡ് | 21601294 | 500000 | - | 500000 |
| KWA | പൊതു ടാപ്പ് മാറ്റി സ്ഥാപിക്കൽ | 21601052 | 210000 | - | 210000 |
| KSEB | ഇലക്ട്രിസിറ്റി ലൈൻ മാറ്റി സ്ഥാപിക്കൽ P.No.55/17 | | 545442 | - | 545442 |
| | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റിവക്കൽ P.No.54/17 | | 144800 | - | 144800 |
| ജില്ലാ പഞ്ചായത്ത് | ABC Programme | 21601111 | 75000 | - | 75000 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | | |
|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 50,00,000 |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 4,37,500 (interest) |
| 3 | ആകെ | 54,37,500 |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | Nil |

| | | | |
|---|---|---|---|
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 54,37,500 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം<br>Amount : 54,37,500 | നിക്ഷേപത്തിന്റെ വിവരം<br>RTNo:186359 | തുക<br>54,37,500 |

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 78653318 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75329667 |
| വരവിനങ്ങളിലുള്ള നഷ്ടം | 184 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 273948 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-9 | 184 | - | കെ.എൻ ബാലൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 273948 | ശ്രീമതി. ഇ.ടി. മിനി, ഹെഡ്മിസ്ട്രസ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.എൻ.ബാലൻ<br>സെക്രട്ടറി | സെക്രട്ടറി,<br>എറിയാട് ഗ്രാമ പഞ്ചായത്ത് | കാവുംമ്പിള്ളി കുന്നത്ത്,<br>പി.ഒ.പുത്തൻവേലിക്കര,<br>എറണാകുളം ജില്ല. |

# 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 76-77 | എൽ.എഫ്.ടി. എസ്2-1016/11 തി.20.10.2011/01.02.2012. |
| 77-78 | |
| 79-80 | |
| 81-82 | |
| 82-83,83-84 | |
| 84-85,85-86 | |
| 86-87,87-88 | |
| 88-89,89-90 | |
| 90-91,91-92 | |
| 92-93,93-94 | |
| 94-95,95-96 | |
| 96-97 (ചെലവ്) | എൽ.എഫ്.ടി.12-42/99/ 12.04.99 |
| 97-98 (ചെലവ്) | എൽ.എഫ്.ടി.12-842/99/ 12.04.99 |
| 98-99 (ചെലവ്) | എൽ.എഫ്.ടി.12-861/2000/ 04.09.2000. |
| 99-2000മുതൽ 2001-02വരെ. | എൽ.എഫ്.ടി.16-1380/03/ 08.10.03. |
| 96-97 (വരവ്) | എൽ.എഫ്.ടി.16-1934/06/ 08.05.07/08.08.07. |
| 97-98 (വരവ്) | എൽ.എഫ്.ടി.16-1935/06/ 08.05.07/07.12.07. |

| | |
|---|---|
| 99-2000 (വരവ് ചെലവ്) | എൽ.എഫ്.ടി.16-1726/07/ 26.12.07/08.05.08. |
| 2000-01 (വരവ് ചെലവ്) | എൽ.എഫ്.ടി.16-1725/07/ 26.12.07./08.05.08. |
| 2001-02 (വരവ് ചെലവ്) | എൽ.എഫ്.ടി.16-1728/07/ 26.12.07/08.05.08. |
| 2002-03 (വരവ് ചെലവ്) | എൽ.എഫ്.ടി.16-1220/08/ 26.12.07/05.09.09. |
| 2003-04 (വരവ് ചെലവ്) | എൽ.എഫ്.ടി.16-1221/08/ 26.12.07/05.09.09. |
| 2004-05 (വരവ് ചെലവ്) | എൽ.എഫ്.ടി.16-265/09/ 26.12.07/04.05.10. |
| 2005-06 (വരവ് ചെലവ്) | എൽ.എഫ്.ടി.16-1310/09/ 03,01.2011. |
| 2006-07 | എൽ.എഫ്.ടി.16-1320/09/ 12.01.11. |
| 2007-08 | എൽ.എഫ്.ടി.16-1414/10/ 01.03.11. |
| 2008-09 | എൽ.എഫ്.ടി.16-1415/10/ 14.03.11. |
| 2009-10 | എൽ.എഫ്.ടി.പി.3-1092/ 2012/05.10.12. |
| 2010-11 | എൽ.എഫ്.ടി.പി.3-1093/12/ 05.10.12. |
| 2011-12 | എൽ.എഫ്.ടി.പി.3-1107/13 12.02.14/05.03.14. |
| 2012-13, 2013-14 | എൽ.എഫ്.ടി.പി3-1418/2014/ 09.01.2015/06.02.2015. |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ. (പി3)1326/15/ 16.11.2015 |
| 2015-16 | കെഎസ് എടിഎസ്ആർ(പി3) 1885/16/25.10.16/1.12.16 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ.(പി3)1298/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ-20
തീയ്യതി: 07.08.2017

ഫോൺ- 0487 2331240

ഇ.മെയിൽ-dotsr.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA.TSR(P3)1298/17

Kerala State Audit Department

District Audit Office, Thrissur-20
Date:07.08.2017

Phone: 0487 2331249

E.mail- dotsr.ksad@kerala.gov.in

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Eriyad Grama Panchayat in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Eriyad Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR